മൂവധനമായി 3 കോടി രൂപയും കമ്പനിക്ക് ലഭിച്ചിട്ടുണ്ട്. ഇതിലൂടെ കമ്പനിയുടെ പ്രവർത്തനം വളരെയധികം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

(ബി) 308005 മീറ്ററുകൾ ഉൽപ്പാദിപ്പിച്ചു.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) എൽ.സി.ഡി.മീറ്റർ, എ.ബി. സ്വിച്ച്, വാട്ടർ മീറ്റർ, മോട്ടോർ സ്റ്റാർട്ടർ, ഗാൽവനൈസസ്ഡ് സാധനങ്ങൾ എന്നിവ ഉല്പാദിപ്പിക്കുന്നുണ്ട്.

(എഫ്) ഉണ്ട്.

(ജി) പാറക്കാട് കണ്ണാടി പഞ്ചായത്തിൽ 5 കോടി രൂപ മുടക്കി ഒരു മീറ്റർ കമ്പനി സ്ഥാപിക്കുന്നതിനായി ബഡ്ജറ്റിൽ 5 കോടി രൂപ അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ 30 വർഷത്തെ പാട്ട വ്യവസ്ഥയിൽ ഒരേക്കർ സ്ഥലം സർക്കാർ അനുവദിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്.

(എച്ച്) 2010-മാർച്ചിലെ കണക്ക് പ്രകാരം ലാഭത്തിലാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനവശേഷി ശാക്തീകരണം

135 (6295) ശ്രീ. കെ. ബാബു :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനവശേഷി ശാക്തീകരണത്തിനായി സർക്കാർ എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളിലെ എത്ര ജീവനക്കാർക്ക് ഈ പദ്ധതിയിലൂടെ പരിശീലനം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഈ പദ്ധതി നടത്തിപ്പിനായി സംസ്ഥാനത്ത് ഒരു സ്ഥിരം സംവിധാനത്തിന് രൂപം നൽകണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനവ ശേഷി ശാക്തീകരണത്തിനായി എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരെ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പരിശീലന പദ്ധതി റിയാബ് മുഖേന

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുന്നതിനായി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനവും, ആദ്യ പരിശീലന പരിപാടിയും 9-7-2010-ൽ ചവറ, കെ.എം.എം.എൽ.-ൽ വച്ച് വ്യവസായ വകുപ്പ് മന്ത്രി നിർവ്വഹിക്കുകയുണ്ടായി. ഈ പരിശീലന പദ്ധതി എല്ലാ സ്ഥാപനങ്ങളിലെയും 15000-ൽപ്പരം ജീവനക്കാർക്കായി സമയബന്ധിതമായി നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. അതാത് മേഖലകളിലെ വിദഗ്ദ്ധരുടെ പ്രഭാഷണങ്ങൾ, വിവിധ വിഷയങ്ങളിലുള്ള സെമിനാറുകൾ, കേസ് സ്റ്റഡി, റോൾ പ്ലേ, വ്യവസായ ശാല സന്ദർശനങ്ങൾ എന്നിവ ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. ജീവനക്കാരുടെ പ്രവൃത്തി പരിചയവും മറ്റു വിവരങ്ങളടങ്ങുന്ന ഇന്റർനെറ്റ് അധിഷ്ഠിത ഡാറ്റാ ബേസും പഠന വെബ്സൈറ്റുകളും ഇതിന്റെ ഭാഗമായി സജ്ജമാക്കുന്നതാണ്.

(ബി) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനവശേഷി ശാക്തീകരണത്തിനായി ആവിഷ്ക്കരിച്ച പരിശീലന പദ്ധതി എല്ലാ സ്ഥാപനങ്ങളിലെയും 15000-ൽപ്പരം ജീവനക്കാർക്കായി സമയബന്ധിതമായി നടത്തുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. കൂടാതെ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിന്റെ ഫണ്ട് ഉപയോഗിച്ച് പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജീരിയൽ/സൂപ്പർവൈസറി ജീവനക്കാർക്ക് ഒരു കൂട്ടം പരിശീലന പരിപാടി ആസൂത്രണ സാമ്പത്തിക കാര്യ (ബി.പി.ഇ.) വകുപ്പും നടപ്പാക്കുന്നുണ്ട്.

(സി) & (ഡി) മേൽ പദ്ധതിക്കായി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനായി റിയാബിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വ്യാവസായിക വികസന പദ്ധതികൾക്കായി രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് നൂറു കോടി രൂപ സമാഹരണം

136 (6298) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യാവസായിക വികസന പദ്ധതികൾക്കായി രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽനിന്ന് നൂറുകോടി രൂപ സമാഹരിക്കാൻ വ്യവസായ വകുപ്പ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്ന് എത്ര കോടി രൂപ വീതമാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) ഇത് വായ്പയായി സ്വീകരിക്കുന്നതിനാണോ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) ഇത്തരത്തിൽ പണം നൽകുന്നതിനോട് രണ്ട് കമ്പനികൾക്കും പൂർണ്ണ യോജിപ്പാണോ ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണത്തിനും അനുബന്ധ വികസനത്തിനുമാണോ പ്രസ്തുത പണം വിനിയോഗിക്കുക ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly